**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 459** **16-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിലെ ഔഷധ വിപണന, വിതരണ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഔഷധ വിപണന, വിതരണ കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തുടനീളം ബ്രാൻഡഡ് മരുന്നുകൾ കുറഞ്ഞ നിരക്കിൽ ലാഭേച്ഛയില്ലാതെ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ മേൽ നോട്ടത്തിൽ പ്രവർത്തനം ആരംഭിച്ചതാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി. കേരളത്തിലുടനീളം പൊതുജനങ്ങൾക്കായി സേവനം അനുഷ്ഠിച്ചുവരുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പൊതുവിപണിയിലെ മറ്റേതൊരു ഫാർമസിയിൽ ലഭിക്കുന്നതിനേക്കാളും വിപണി വിലയിൽ നിന്ന് 10% മുതൽ 93% വരെ വിലക്കുറവിൽ മരുന്നുകൾ വിതരണം ചെയ്തുവരുന്നു. എ.പി.എൽ., ബി.പി.എൽ., വ്യത്യാസമില്ലാതെ എല്ലാവർക്കും മരുന്നുകൾ ലഭ്യമാക്കുന്നു.<br>ക്യാൻസർ, വൃക്കരോഗം മുതലായ മാരക അസുഖങ്ങൾ ബാധിച്ചവർക്ക് ആവശ്യമായിട്ടുള്ള മരുന്നുകൾ വിവിധ പദ്ധതികൾ മുഖാന്തിരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കി വരുന്നു. അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന ജീവൻ രക്ഷാമരുന്നുകൾ എല്ലാം തന്നെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാണ്. ഇവയുടെ വ്യത്യസ്ത അളവുകളിലുള്ള ഏകദേശം 35 ബ്രാൻഡുകളുടെ നിരവധി മരുന്നുകൾ സംസ്ഥാനത്തൊട്ടാകെയുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ വിതരണം ചെയ്തു വരുന്നു.<br>കരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്നും മരുന്നുകൾ ക്യാഷ് അടിസ്ഥാനത്തിലും സർക്കാർ ആവിഷ്കൃത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾപ്പെട്ട ഉപഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയുടെ അടിസ്ഥാനത്തിലും മരുന്നുകൾ വിതരണം ചെയ്യുന്നു. |
| (ബി) | മരുന്നുകളെക്കുറിച്ചുള്ള എന്തെല്ലാം വിവരങ്ങളും | (ബി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ |

| | |
|---|---|
| സേവനങ്ങളും ഔഷധ വിപണന, വിതരണ കേന്ദ്രങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നു എന്ന് വ്യക്തമാക്കാമോ; | പൊതുവിപണിയിലെ മറ്റേതൊരു ഫാർമസികളിൽ നിന്നും ലഭിക്കുന്നതിനേക്കാളും വിപണിവിലയിൽ നിന്ന് 10% മുതൽ 93% വരെ വിലക്കുറവിൽ മരുന്നുകൾ വിതരണം ചെയ്തുകൊണ്ട് സേവനം അനുഷ്ഠിക്കുന്നു. ക്യാൻസർ, വൃക്കരോഗം മുതലായ മാരക അസുഖങ്ങൾ ബാധിച്ച രോഗികൾക്കും അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്കും ആവശ്യമായിട്ടുള്ള മരുന്നുകൾ വിവിധ പദ്ധതികൾ മുഖാന്തിരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കി വരുന്നു.<br>വിവിധ ക്യാൻസർ ചികിത്സ പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ, എന്നിവയിലെല്ലാം രജിസ്റ്റർ ചെയ്തിട്ടുള്ള ക്യാൻസർ രോഗികൾക്ക് മിതമായ നിരക്കിൽ ഗുണമേൻമയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് കാരുണ്യ ഫാർമസിയുടെ ഇടപെടൽ വളരെ വലുതാണ്.<br>വൃക്കരോഗികളെ സംബന്ധിച്ച് Continuous Ambulatory Peritoneal Dialysis ന് വിധേയരാകുന്ന വ്യക്തികൾക്ക് ദേശീയ ആരോഗ്യ ദൗത്യത്തിന് വേണ്ടി PMNDP പദ്ധതി പ്രകാരം പെരിട്ടോണിയൽ ഡയാലിസിസിന് ആവശ്യമായ ദ്രാവകങ്ങൾ (Fluids) സംസ്ഥാനത്തെ 14 ജില്ലകളിലും ഉള്ള സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്കു (ജനറൽ/ജില്ലാ ആശുപത്രികൾ) എത്തിച്ചുനൽകുന്ന പദ്ധതിക്ക് കാരുണ്യ ഫാർമസികൾ സേവനദാതാക്കളായി പ്രവർത്തിക്കുന്നു.<br><br>**<u>കാരുണ്യ @ ഹോം പദ്ധതി</u>**<br><br>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിലെ മരുന്നുകൾ വീടുകളിൽ എത്തിച്ചു കൊടുക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തത്തിൽ കാരുണ്യ@ഹോം എന്ന പദ്ധതി സർക്കാർ ആരംഭിച്ചു. കാരുണ്യയിലെ വിലക്കിഴിവിന് പുറമെ 1% അധിക വിലക്കിഴിവോട് കൂടി മുതിർന്ന പൗരൻമാർക്ക് ആവശ്യമായ എല്ലാ മരുന്നുകളും, ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കപ്പെടുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ളവ, കൊറിയർ മുഖാന്തിരം മിതമായ കൊറിയർ ചാർജ്ജ് ഈടാക്കി കൊണ്ട് പ്രതിമാസം വീട്ടിലെത്തിച്ചു നൽകുന്നു. മുതിർന്ന പൗരൻമാർക്ക് ഫാർമസിയിലെത്തിച്ചേരാതെ തന്നെ മരുന്നുകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. മേൽ പദ്ധതിയെക്കുറിച്ചുള്ള അവബോധം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകി വരുന്നു. കൂടുതൽ |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ നല്കുന്നതിനും സംശയ നിവാരണങ്ങൾക്കുമായി 1800 599 8844 എന്ന ടോൾ ഫ്രീ നമ്പരും ലഭ്യമാണ്.<br>കേരളാ മെഡിക്കൽ സർവീസസ് കോർപറേഷൻറെ വെബ് സൈറ്റിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിഭാഗത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളുടെയും ബ്രാൻഡ്, കാരുണ്യയിലെ വില, പൊതുവിപണി വില എന്നിവ ലഭ്യമാണ്. ഇതു പൊതുജനങ്ങൾക്ക് പ്രാപ്യമാണ്. |
| (സി) | വിപണിയിൽ ഇറങ്ങുന്ന പുതിയ മരുന്നുകളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിപണിയിൽ നിന്നും പിൻവലിച്ച മരുന്നുകളെക്കുറിച്ചുള്ള അറിവ് പൊതുജനങ്ങൾക്ക് നൽകാറുണ്ടോ; വ്യക്തമാക്കുമോ; | (സി) | രാജ്യത്ത് പുതിയ മരുന്നുകളുടെ വിപണനത്തിനുള്ള അനുമതി നൽകുന്നത് ഡ്രഗ്സ് കൺട്രോൾ ജനറൽ (ഇന്ത്യ) (DCG(I)) ആണ്. ഡ്രഗ് ടെക്നിക്കൽ അഡ്വൈസറി ബോർഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് മരുന്നുകളുടെ വിപണനത്തിനും നിരോധനത്തിനും DCG(I) അനുമതി നൽകുന്നത്.ഇത്തരം ഉത്തരവുകൾ പൊതുജനങ്ങളെ അറിയിക്കുന്നത് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ഗസറ്റ് വിജ്ഞാപനത്തിലൂടെയാണ്. ഇവ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ (CDSCO) ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. (www.cdsco.gov.in)<br><br>കേന്ദ്ര ഡ്രഗ്സ് കൺട്രോളർ നിരോധിച്ച മരുന്നുകളുടെ ഉൽപ്പാദനം/വിതരണം/വിൽപ്പന സംസ്ഥാനത്ത് തടഞ്ഞുകൊണ്ട് നിരോധന ഉത്തരവ് നടപ്പിലാക്കുന്നതാണ് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ചുമതല. മരുന്നുകൾ നിരോധിച്ചാൽ ഉടൻ തന്നെ സംസ്ഥാനത്തുടനീളം അവ പിൻവലിക്കുന്നതിനുള്ള നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിക്കാറുണ്ട്. കൂടാതെ, ഇത്തരം മരുന്നുകളുടെ വിശദാംശങ്ങൾ CDSCO – യുടെയും വകുപ്പിന്റെയും ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ട്. ഇവയുടെ വിശദാംശങ്ങൾ ആരോഗ്യവകുപ്പ്/മരുന്നുവ്യാപാരികൾ/വിതരണക്കാർ/ ആശുപത്രികൾ എന്നിവർക്ക് നൽകാറുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്ത് പ്രതിമാസം റാന്റം സാമ്പ്ളിംഗ് നടത്തി ശേഖരിക്കുന്ന മരുന്നു സാമ്പിളുകളിൽ ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കുന്ന മരുന്നുകളുടെ വിൽപ്പന നിർത്തി വക്കുകയും ഇവയുടെ വിതരണ ശൃംഖല കണ്ടുപിടിച്ച് ആയത് എവിടെ നിന്നെല്ലാം വാങ്ങി എന്നതിനെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഈ മരുന്നുകൾ ജനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിലേയ്ക്കായുള്ള തുടർനടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത |

| | | | |
|---|---|---|---|
| | | | മരുന്നുകളുടെ വിവരങ്ങൾ പൊതുജനതാൽപ്പര്യാർത്ഥം അതാത് മാസം പത്ര മാധ്യമങ്ങളിലും വിവര പൊതുജന സമ്പർക്ക വകുപ്പിന്റെയും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെയും ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ട്. |
| (ഡി) | മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന ഔഷധ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും അവശ്യ മരുന്നുകൾ സംഭരിച്ച് വിതരണം നടത്തുന്നത് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) ആണ്. കോംപറ്റേറ്റീവ് ടെൻഡർ വഴിയാണ് കെ.എം.എസ്.സി.എൽ മരുന്ന് സംഭരണം നടത്തുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന മരുന്നുകളുടെ ഓരോ ബാച്ച് സപ്ലൈ ചെയ്യുമ്പോഴും അതിന്റെ ഗുണനിലവാര റിപ്പോർട്ട് കെ.എം.എസ്.സി.എൽ നിശ്ചയിച്ചിട്ടുള്ള എംപാനൽഡ് ലാബുകളിൽ നിന്നും നിർമ്മാതാക്കൾ സമർപ്പിക്കേണ്ടതാണ്. കൂടാതെ ആകെ സംഭരിക്കുന്ന മരുന്ന് ബാച്ചുകളുടെ 10 ശതമാനം കെ.എം.എസ്.സി.എൽ നേരിട്ട് ശേഖരിച്ചും 40 ശതമാനം ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ റാൻഡം സാംപ്ലിങ് നടത്തിയും പ്രസ്തുത മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഡ്രഗ് ഇൻസ്പെക്ടർമാർ പരിശോധനയ്ക്കായി ശേഖരിക്കുന്ന മരുന്നുകളിൽ 25 മുതൽ 40 ശതമാനം വരെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ/മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗുണനിലവാര പരിശോധനയിൽ ആവർത്തിച്ച് ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളെയും അവയുടെ നിർമ്മാതാക്കളെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തി തുടർന്നുള്ള ടെൻഡറുകളിൽ പങ്കെടുക്കുന്നതിൽ നിന്നും ആയവയെ ഒഴിവാക്കാറുണ്ട്. മാത്രമല്ല, പരാതികളുടെ അടിസ്ഥാനത്തിലും സമയബന്ധിതമായി അന്വേഷണം നടത്തി സാമ്പിളുകൾ ശേഖരിച്ച് മരുന്നുകൾ ഗുണനിലവാരമുള്ളവയാണോയെന്ന് വകുപ്പും ഉറപ്പ് വരുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ